KSEB

15 YEARS OF CELEBRATING THE MAHATMA

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

നം. പി.എസ്.1 (ബി)/കോവിഡ് - 19/മുൻകരുതൽ/2020 തീയതി: 11.05.2020

## പരിപത്രം

വിഷയം : കോവിഡ് - 19 – പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് KSEBL പെൻഷൻകാരിൽ നിന്നും പെൻഷൻ മാറ്റിവയ്ക്കൽ / CMDRF ലേയ്ക്കുള്ള സംഭാവന - സംബന്ധിച്ച്.

സൂചന : KSEB പെൻഷനേഴ്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി 04.05.2020 – ൽ നൽകിയ കത്ത്.

കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യം മുൻനിർത്തി KSEB പെൻഷനേഴ്സ് അസ്സോസിയേഷൻ അവരാൽ കഴിയുന്ന സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്നതിനോടനുബന്ധിച്ച് ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങൾ പരിഗണിച്ച് സംഭാവന നൽകുവാൻ സന്നദ്ധതയുള്ള പെൻഷൻകാരുടെ പ്രതിമാസ പെൻഷനിൽ നിന്നും ഒരു ഭാഗം മാറ്റി വയ്ക്കുന്നതിനോ അല്ലായെങ്കിൽ CMDRF ലേക്ക് സംഭാവന സ്വീകരിക്കുന്നതിനോ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പെൻഷൻ മാറ്റിവയ്ക്കൽ

പെൻഷൻകാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 2020 ജൂൺ മാസം മുതൽ ഒക്ടോബർ മാസംവരെയുള്ള 5 മാസ കാലയളവിൽ 6 ദിവസത്തെ വീതം പെൻഷൻ (ഒരു മാസത്തെ പെൻഷന് തുല്യമായ തുക) മാറ്റിവച്ച് സമ്മതപത്രത്തിന് വിധേയമായി, സംസ്ഥാന ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. അത്തരത്തിൽ സംഭാവനയായി നിക്ഷേപിക്കുന്ന തുക സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന മുറയ്ക്ക് തിരിച്ചു നൽകുന്നതാണ്.

2) CMDRF ലേയ്ക്കുള്ള സംഭാവന

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് (CMDRF) സമ്മതപത്രത്തിന് വിധേയമായി ഒരു മാസത്തെ പെൻഷൻ പൂർണ്ണമായോ അല്ലായെങ്കിൽ ഭാഗികമായോ സംഭാവന ആയി നൽകുവാൻ

ആഗ്രഹിക്കുന്ന പെൻഷൻകാരുടെ പ്രതിമാസ പെൻഷനിൽ നിന്നും അവർ നിർദ്ദേശം നൽകുന്ന തുക ജൂൺ 2020 മുതൽ CMDRF ലേക്കായി കുറവ് ചെയ്യാവുന്നതാണ്. ഒരു മാസത്തെ പെൻഷന് തുല്യമായ തുക ഗഡുക്കളായി സംഭാവന നൽകുവാൻ താൽപര്യപ്പെടുന്നവരിൽ നിന്നും പരമാവധി 10 തുല്യ മാസ തവണകളായി പ്രസ്തുത തുക കുറവുചെയ്യാവുന്നതാണ്. ഒരു മാസത്തെ പെൻഷനിൽ കുറഞ്ഞ തുക സംഭാവന നൽകാൻ ആഗ്രഹിക്കുന്നവരിൽ നിന്നും 5 തുല്യ മാസ തവണകളായി സംഭാവന തുക കുറവു ചെയ്യാവുന്നതാണ്.

3) കുടുംബ പെൻഷൻകാർ

പെൻഷൻ മാറ്റിവയ്ക്കുവാൻ / CMDRF ലേക്ക് സംഭാവന നൽകാൻ ആഗ്രഹിക്കുന്ന 20,000/- രൂപയോ അതിൽ കുറവോ മൊത്ത പെൻഷൻ വാങ്ങുന്ന കുടുംബ പെൻഷൻകാരുടെ പ്രതിമാസ പെൻഷനിൽ നിന്നും മേൽ പരാമർശിച്ച പ്രകാരം തുക കുറവു ചെയ്യാവുന്നതാണ്.

4) സമ്മതപത്രം

ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ, പെൻഷൻ /കുടുംബ പെൻഷൻ വാങ്ങുന്നവരിൽ നിന്നും നിർദ്ദിഷ്ട രൂപത്തിലുള്ള സമ്മതപത്രം എഴുതി വാങ്ങുന്നത് പ്രായോഗികമല്ലാത്തതിനാൽ അതാത് ARU കളിൽ പെൻഷനേഴ്സ് അസ്സോസിയേഷൻ സമർപ്പിക്കുന്ന സംഭാവന നൽകുവാൻ സന്നദ്ധതയുള്ളവരുടെ പേര് വിവരങ്ങൾ അടങ്ങുന്ന പട്ടികയും അതിന് ഉപോദ്ബലകമായി സമർപ്പിക്കപ്പെടുന്ന ബന്ധപ്പെട്ട പെൻഷൻകാരുടെ / കുടുംബ പെൻഷൻകാരുടെ സമ്മതപത്രവും അനുസരിച്ച് മേൽ സൂചിപ്പിച്ച രീതിയിൽ പെൻഷൻ കുറവ് ചെയ്യാവുന്നതാണ്. പെൻഷൻകാരുടെ രജിസ്റ്റേഡ് മൊബൈൽ ഫോൺ നമ്പറിൽ നിന്നുള്ള വാട്ട്സ് ആപ് /എസ്സ്.എം.എസ്സ് സന്ദേശങ്ങൾ ഇമെയിൽ സന്ദേശങ്ങൾ എന്നിവ സമ്മതപത്രമായി കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തുക കുറവു ചെയ്യാവുന്നതാണ്. അത്തരത്തിൽ സംഭാവന തുക കുറവു ചെയ്യുന്നതിന് മുൻപ് പെൻഷൻകാരെ കഴിയുന്നതും ബന്ധപ്പെട്ട് സമ്മതം ഉറപ്പുവരുത്തേണ്ടതാണ്. മേൽ സൂചിപ്പിച്ച ഏതെങ്കിലും തരത്തിൽ സമ്മതം അറിയിക്കാത്ത പെൻഷൻകാരിൽ നിന്നും ഏതെങ്കിലും തരത്തിൽ പെൻഷൻ കുറവ് ചെയ്യൽ കർശനമായും അനുവദനീയമല്ല.

5) ഓരോ പെൻഷൻകാരന്റേയും മാറ്റി വയ്ക്കപ്പെടുന്ന പെൻഷൻ സംബന്ധിച്ച വിവരങ്ങൾ പെൻഷൻ രജിസ്റ്റർ, HRIS എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

6) 2020 – 21 സാമ്പത്തിക വർഷത്തെ മുൻകൂർ വരുമാന നികുതി കണക്കാക്കുമ്പോൾ മേൽ സൂചിപ്പിച്ചതു പ്രകാരം 6 ദിവസത്തെ പെൻഷൻ മാറ്റിവച്ചതിനുശേഷമുള്ള മൊത്തം വരുമാനം പരിഗണിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് കൂടുതൽ വിശദീകരണം പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

7) പെൻഷൻ മാറ്റിവെക്കൽ / CMDRF ലേക്കുള്ള സംഭാവന എന്നിവയുടെ അക്കൗണ്ടിംഗ് രീതി സംബന്ധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഫിനാൻഷ്യൽ അഡ്വൈസർ പുറപ്പെടുവിക്കുന്നതാണ്.

8) പെൻഷൻ മാറ്റിവെക്കൽ, CMDRF ലേക്കുള്ള സംഭാവന എന്നിവ സംബന്ധിച്ച് ആവശ്യപ്പെടുന്ന വിവരങ്ങൾ ഓരോ മാസവും എല്ലാ ARU മേധാവികളും പെൻഷൻ വിതരണം കഴിഞ്ഞ് അഞ്ച് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. മാറ്റി വയ്ക്കപ്പെടുന്ന പെൻഷനോ CMDRF ലേക്കുള്ള സംഭാവനയോ ARU മേധാവികൾ സർക്കാരിലേക്ക് നേരിട്ട് ഒടുക്കുവാൻ പാടുള്ളതല്ല.

**ഒപ്പ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും / എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽഅഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ.
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Brinda
സീനിയർ സൂപ്രണ്ട്